# KOLO SURYOYO

**വി. മർത്തമറിയം യൂത്ത് അസ്സോസിയേഷൻ മണർകാട്**

പുസ്തകം -3 ലക്കം -6 ജൂലൈ- 2010

Web: www.stmarysyouthmanarcad.org
www.syrianchurch.org/Kolosuryoyo.htm (internet edition)


# പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവ ലണ്ടൻ സന്ദർശിച്ചു

ലണ്ടൻ: ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ നി. വ. ദി. മ. മ. ശ്രീ. മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് ലണ്ടൻ സന്ദർശിച്ചു.

ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ സഭയുടെ തലവൻ കാൻറബറി ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. റോവാൻ വില്യംസിന്റെ ക്ഷണം സ്വീകരിച്ച് അദ്ദേഹത്തിന്റെ ഔദ്യോഗിക വസതിയായ ലാമ്പത്ത് പാലസ് ജൂലൈ 8-ാം തീയതി വ്യാഴാഴ്ച സന്ദർശിച്ചു. സന്ദർശന മധ്യേ സുറിയാനി വേദപുസ്തകം പരിശുദ്ധ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് ആർച്ച് ബിഷപ്പിന് സമ്മാനിച്ചു. നൂറ്റാണ്ടുകളായി സുറിയാനി സഭയുമായി നിലനിൽക്കുന്ന ബന്ധത്തെ ആർച്ച് ബിഷപ്പ് സ്മരിക്കുകയുണ്ടായി.



*പരിശുദ്ധ സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ കാന്റൻബറി ആർച്ച് ബിഷപ്പ് റവ. ഡോ. റോവാൻ വില്യംസിനെ സന്ദർശിച്ചപ്പോൾ.*

മലങ്കര സഭയിലെ കലഹം തീർക്കുവാൻ 1876-ൽ പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവ ലണ്ടൻ സന്ദർശിച്ചു. ഇതിനെക്കുറിച്ച് 1995-ൽ കാന്റൻബറി ആർച്ച് ബിഷപ്പ് ജോർജ്ജ്കാരി കേരളം സന്ദർശിച്ചപ്പോൾ മലയാള മനോരമ നടത്തിയ അഭിമുഖത്തിൽ പരിശുദ്ധ പത്രോസ് തൃതിയൻ പാത്രിയർക്കീസ് ബാവായെക്കുറിച്ച് ഇങ്ങനെ പറയുകയുണ്ടായി. ഓർത്തഡോക്സ് സഭയുമായുള്ള ബന്ധങ്ങൾ എങ്ങനെയാണ്? എന്ന മനോരമ ലേഖകന്റെ ചോദ്യത്തിന് ആർച്ച് ബിഷപ്പ് മറുപടി പറഞ്ഞതിങ്ങനെയാണ് സി.എം.എസ്. മിഷനറിമാരുടെ കാലത്ത്, കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യത്തിൽ സിറിയൻ ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസ് പീറ്റർ തൃതിയന്റെ കാന്റൻബറി ആർച്ച് ബിഷപ്പ് ആർച്ചി ബാൾഡ് ടെയറിന്റെ ആതിഥ്യം സ്വീകരിച്ചു രണ്ടു വട്ടം ലണ്ടൻ സന്ദർശിച്ചു. അദ്ദേഹത്തിന്റെ ഛായാചിത്രം ലാംബെത്ത് പാലസിലെ ഡൈനിംഗ് ഹാളിലുണ്ട്. അന്ന് ആർച്ച് ബിഷപ്പ് ടെയ്റ്റ് പാത്രിയർക്കീസിനെ ബ്രിട്ടീഷ് രാജകൊട്ടാരത്തിലേക്ക് കൊണ്ടുപോയി. വിക്ടോറിയ രാജ്ഞി പാത്രിയർക്കീസുമായുള്ള ആ കൂടിക്കാഴ്ചയെക്കുറിച്ച് തന്റെ ഡയറിയിൽ എഴുതി; ഇപ്പോൾ എനിക്കറിയാം പഴയനിമയത്തിലെ ഏബ്രഹാമിന്റെ രൂപം എന്തായിരുന്നുവെന്ന് (മനോരമ 1995 ഫെബ്രുവരി 18) പരിശുദ്ധ പാത്രിയർക്കീസ് ബാവായോടൊപ്പം ഇംഗ്ലണ്ടിലെ ആർച്ച് ബിഷപ്പ് മോർ അത്താനാസിയോസ് തൂമാ സന്നിഹിതനായിരുന്നു. ലോകത്തിലെ ക്രൈസ്തവ സഭകളിൽ അംഗ സംഖ്യയിൽ ആംഗ്ലിക്കൻ ചർച്ചിന് മൂന്നാം സ്ഥാനമാണ്.

പരി. പാത്രിയർക്കീസ് ബാവാ ലണ്ടനിലെ സെന്റ് തോമസ് കത്തീഡ്രലിന്റെ കൂദാശയും നിർവ്വഹിച്ചു.




# മണർകാട് സെന്റ് മേരീസ് യൂത്ത് അസോസിയേഷന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയം: മോർ ക്ലീമീസ്

ചെറുതോണി: ആഗോള മരിയൻ തീർത്ഥാടനകേന്ദ്രമായ മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സെന്റ് മേരീസ് യൂത്ത് അസോസിയേഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ അനുകരണീയവും, ശ്ലാഘനീയവുമാണെന്ന് ഇടുക്കി ഭദ്രാസനാധിപൻ ഡോ. മോർ ക്ലീമീസ് കുര്യാക്കോസ് മെത്രാപ്പോലീത്ത. തോട്ടം മേഖലയിലെ ദാരിദ്ര്യമനുഭവിക്കുന്ന തൊഴിലാളികൾക്കായി നടത്തിയ ഭക്ഷ്യ-വസ്ത്ര സഹായവിതരണ ക്യാമ്പിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മെത്രാപ്പോലീത്ത.

ചെറുതോണി സെന്റ് മേരീസ് യാക്കോബായ സുറിയാനിപ്പള്ളിയിൽ ചേർന്ന സമ്മേളനത്തിൽ ഭക്ഷ്യ-വസ്ത്രസഹായ വിതരണം ഇടുക്കി സഹകരണ ആശുപത്രി പ്രസിഡന്റ് സി. വി. വറുഗീസ് ഉദ്ഘാടനം ചെയ്തു. ചെറുതോണിപ്പള്ളി വികാരി റവ. ഫാ. പൗലൂസ് ചിറ്റായത്ത്, മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് ടോമി ഇളംതുരത്തിൽ, റോമിയോ സെബാസ്റ്റ്യൻ, യൂത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റ് സാബു മൈലക്കാട്ട്, സെക്രട്ടറി അനൂപ് മാത്യു പിടിയേക്കൽ, മണർകാട് സെന്റ് മേരീസ് കോളേജ് എൻ. എസ്. എസ്. വോളന്റിയർ ജിതിൻ മൈലക്കാട്ട്, ചെറുതോണി സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ജോയി എന്നിവർ പ്രസംഗിച്ചു.

ജീവിതഭാരത്താൽ വലയുന്നവർക്ക് ശാന്തിയും, സമാധാനവും പ്രദാനം ചെയ്യുന്ന മണർകാട്ടമ്മയുടെ മക്കൾ കരയുന്നവരുടെ കണ്ണീരൊപ്പുന്നതിനായി നടത്തി വരുന്ന പ്രവർത്തനങ്ങൾ എല്ലാ സംഘടനകൾക്കും മാതൃകയാണെന്ന് ക്യാമ്പ് സന്ദർശിച്ച റോഷി ആഗസ്റ്റിൻ എം. എൽ. എ. പറഞ്ഞു. ജീവകാരുണ്യ പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ ഇടുക്കി ജില്ലയെ പ്രത്യേകം ഓർക്കണമെന്നും, യൂത്ത് അസോസിയേഷൻ പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ താൻ എപ്പോഴും തയ്യാറാണെന്നും റോഷി കൂട്ടിച്ചേർത്തു. ടെലഫോണിലൂടെ ആശംസാസന്ദേശം അറിയിച്ച പി. റ്റി. തോമസ് എം. പി., യൂത്ത് അസോസിയേഷൻ പ്രവർത്തനങ്ങളെ പ്രകീർത്തിക്കുകയും തന്റെ സഹകരണങ്ങൾ യൂത്ത് അസോസിയേഷന് വാഗ്ദാനം ചെയ്യുകയും ചെയ്തു.

# അശരണരുടെ കണ്ണീരൊപ്പാൻ മലമടക്കുകൾ താണ്ടിയെത്തി,

## പൂട്ടപ്പെട്ട ദൈവാലയം കണ്ട് കണ്ണീർ വാർത്തു

ചെറുതോണി: കാലവർഷം ആരംഭിച്ചതോടെ പട്ടിണിയിലായ തോട്ടം തൊഴിലാളികൾക്ക് ഭക്ഷ്യസാധനങ്ങളും, വസ്ത്രങ്ങളും നൽകി ആശ്വാസം പകരാൻ മലമടക്കുകൾ കടന്നെത്തിയ മണർകാടിന്റെ മക്കൾ ചെറുതോണിയിൽ പൂട്ടപ്പെട്ടു കിടക്കുന്ന പരിശുദ്ധ ദൈവാലയം കണ്ട് കണ്ണീർവാർത്തു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നായി ജനലക്ഷങ്ങൾ മണർകാട്ടെത്തി പരിശുദ്ധ ദൈവമാതാവിന്റെ ദിവ്യമഹാമധ്യസ്ഥതയാൽ പ്രശ്നപരിഹാരം തേടി സന്തോഷത്തോടെ മടങ്ങുമ്പോൾ, മാതാവിന്റെ നാമത്തിലുള്ള ദൈവാലയം പൂട്ടപ്പെട്ട് കിടക്കുന്ന കാഴ്ച മർമ്മഭേദകമായിരുന്നു.

കാലം ചെയ്ത ശ്രേഷ്ഠ കാതോലിക്കാബാവാ ബസേലിയോസ് പൗലൂസ് ദ്വിതിയൻ ബാവാ മെത്രാപ്പോലീത്തയായിരുന്ന കാലത്ത് ചെറുതോണിയിൽ താമസിക്കുകയും തന്റെ ചോരയും നീരും കൊടുത്ത് പടുത്തുയർത്തിയതാണ് ചെറുതോണി സെന്റ് മേരീസ് പള്ളി. ദീർഘകാലമായി പൂട്ടപ്പെട്ട് കിടക്കുന്നതിനാൽ ദൈവാലയം ജീർണ്ണാവസ്ഥയിലായിക്കഴിഞ്ഞു. ഇതിന് തൊട്ടടുത്തായി പ്ലാസ്റ്റിക്ക് ഷീറ്റുകൾ വലിച്ചു കെട്ടി നിർമ്മിച്ച ഷെഡ്ഡിലാണ് സത്യവിശ്വാസികൾ ആരാധന നടത്തിയിരുന്നത്. ചെറുമഴ ചാറിയാൽ ചെളിക്കുണ്ടായി മാറുന്ന ഷെഡ്ഡിൽ ആരാധനയിൽ പങ്കെടുക്കുക അസാധ്യമായതോടെ മറ്റൊരു പഴയ കെട്ടിടത്തിലേക്ക് ആരാധന മാറ്റുകയായിരുന്നു.

നൂറ്റി അൻപത്തിമൂന്ന് കുടുംബങ്ങളുള്ള ഇടവകയിൽ 20 കുടുംബങ്ങൾ മറുതലിപ്പുകാരനായ ഒരു മെത്രാനോപ്പം മറുപക്ഷം ചേർന്നതോടെയാണ് ഈ പരിശുദ്ധദൈവാലയത്തിൽ പ്രശ്നങ്ങൾ ആരംഭിച്ചത്. ഇരുപത് വീട്ടുകാർക്കായി ഒരേക്കർ ഭൂമിയും, ഒരു കെട്ടിടവും വിട്ടു കൊടുക്കുന്നതിനുപോലും സത്യവിശ്വാസികൾ തയ്യാറായിട്ടും മറുതലിപ്പുകാർ ഒത്തുതീർപ്പിന് വഴങ്ങാതെ ദൈവാലയം പൂട്ടിക്കുകയും, പരിശുദ്ധ ബലി മുടക്കുകയുമാണ് ചെയ്തത്.

ഇവർ സ്വന്തമായി പള്ളിവച്ച് മാറിയിട്ടും, തങ്ങൾക്ക് നിയമപരമായി യാതൊരു അവകാശാധികാരങ്ങളും, ചെറുതോണിപ്പള്ളിയുടെ മേൽ ഇല്ലെന്ന് തിരിച്ചറിഞ്ഞിട്ടും ആരാധന മുടക്കികൾ പള്ളി പൂട്ടിച്ചു. ഇതുകണ്ട് സത്യവിശ്വാസികൾ തങ്ങളുടെ ദൈവാലയത്തെ പ്രതി കേഴുമ്പോൾ, മറുതലിപ്പുകാരോട് ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഇപ്രകാരം ഓർമ്മിപ്പിക്കുന്നു.Íഎന്റെ ആലയം നശിപ്പിക്കുന്നവനെ ഞാനും നശിപ്പിക്കും.Í ദൈവത്തിന്റെ ആലയം ശൂന്യമായി കിടക്കെ തട്ടിട്ട ഭവനങ്ങളിൽ പാർക്കുന്ന ശപിക്കപ്പെട്ടവരെ മനം തിരിയ്ക്കുക. ദൈവനാമം ദുഷിക്കപ്പെടാതിരിക്കേണ്ടതിനായി ക്രിസ്തീയതയിലേക്ക് തിരിയുക. ദൈവാലയങ്ങൾ നശിപ്പിക്കുന്നത് മതിയാക്കുക, ദൈവജനം കേഴുന്നു.

# പുണ്യശ്ലോകനായ തോമസ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത

1904 ജൂൺ മാസം പുതുവേലി പന്തലുമാക്കൽ സീതാർക്കുഴി മത്തായിയുടെയും അന്നമ്മയുടെയും മകനായി അഭി. തിരുമനസ്സ് ഭൂജാതനായി. കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂൾ, കോട്ടയം സി.എം.എസ്. കോളേജ്, ചങ്ങനാശ്ശേരി സെന്റ് ബർക്ക്മാൻസ് കോളേജ് എന്നിവിടങ്ങളിലായി വിദ്യാഭ്യാസം പൂർത്തീകരിച്ചു. ഒൻപത് വയസ്സ് പ്രായമുള്ളപ്പോൾ അഭിവന്ദ്യ കൊച്ചുപറമ്പിൽ പൗലോസ് മോർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നു കോറുയോ പട്ടം സ്വീകരിച്ചു. തിരുവനന്തപുരം മഹാരാജാസ് ട്രെയിനിംഗ് കോളേജിൽ നിന്ന് ബി.റ്റി. ബിരുദവും സമ്പാദിച്ചു. കീരമ്പാറ സെന്റ് സ്റ്റീഫൻസ് ഹൈസ്കൂളിൽ പ്രഥമാധ്യാപകനായി സേവനം ആരംഭിച്ചു. തുടർന്ന് 11 വർഷം വടകര സ്കൂളിൽ ഹെഡ്മാസ്റ്ററായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പല കവിതാശകലങ്ങളും ഗദ്യലേഖനങ്ങളും ഞാൻ തന്നെ എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സഹോദരിയോട് എങ്കിലും എന്നീ പദ്യശകലങ്ങളും സഭാമാതാവേ സമാശ്വസിക്കൂ, സ്വർഗത്തിൽ നിന്ന് സഭയുടെ പാരമ്പര്യം എന്നിങ്ങനെ പല ലേഖനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വടകര ഹൈസ്കൂളിൽ നിന്ന് 60-ാമത്തെ വയസ്സിൽ വിരമിച്ച ശേഷം ശ്രീ. ടി. തോമസിനോടു ചേർന്ന് മദ്രാസിൽ സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സ്ഥാപിക്കുകയും അവിടെ വൈസ് പ്രിൻസിപ്പലായി സേവനം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് മലങ്കര സഭാ സുന്നഹദോസിന്റെ താല്പര്യവും നിർബന്ധവും അനുസരിച്ച് അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരമാധ്യക്ഷനായ പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ, മോർ ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്തു. 1982 വരെ മൂവാറ്റുപുഴ അരമനയിൽ താമസിച്ച് കണ്ടനാട്, കോട്ടയം ഭദ്രാസനങ്ങളുടെ സഹായ മെത്രാപ്പോലീത്തയായി ഭരണം നടത്തി. 1982 ൽ പ. സുന്നഹദോസ് തീരുമാനപ്രകാരം കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തായായി നിയോഗിക്കപ്പെട്ടു. സ്വന്തമായ ഒരാസ്ഥാനമോ മറ്റ് സ്ഥാപനങ്ങളോ ഇല്ലാതിരുന്ന കൊച്ചി ഭദ്രാസനത്തെ ഇന്ന് കാണുന്ന നിലയിലെത്തിച്ചത് അഭിവന്ദ്യ പിതാവിന്റെ നിശ്ചയദാർഢ്യത്തിന്റെയും കഠിനാധ്വാനത്തിന്റെയും ഫലമാണ്. 70-ാം വയസിൽ മെത്രാപ്പോലീത്തയായ തിരുമേനിക്ക്, അന്ന് പലരും, ഈ വാർദ്ധക്യത്തിൽ എന്തു ചെയ്യുവാൻ സാധിക്കുമെന്ന് സംശയിച്ചുവെങ്കിലും ആ സന്ദേഹങ്ങളെയെല്ലാം ആസ്ഥാനത്താക്കുമാറ് മെത്രാപ്പോലീത്താ എന്ന നിലയിലുള്ള 25 വർഷത്തെ കർമനിരതമായ ജീവിതം തുടർന്നു.

വായനയും പഠനവും, പ്രായത്തിനും ക്ഷീണത്തിനും അതീതമെന്ന് വിശ്വസിച്ചിരുന്ന തിരുമേനിക്ക് വായന ഒരു വ്രതം പോലെയായിരുന്നു. 81-ാം വയസ്സിൽ തിരുമേനി എഴുതി സമർപ്പിച്ച പ്രബന്ധത്തിന്കാലിഫോർണിയാ യൂണിവേഴ്സിറ്റി ഡോക്ടറേറ്റ് നൽകി ബഹുമാനിച്ചിട്ടുണ്ട്.

ശ്രേഷ്ഠ കാതോലിക്കാബാവായുടെ അനാരോഗ്യം നിമിത്തം ഭരണകാര്യങ്ങളിൽ അദ്ദേഹത്തെ സഹായിക്കുവാൻ കമ്മറ്റിയിൽ അഭിവന്ദ്യ തിരുമേനി അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ പ.സഭയുടെ ലിറ്റിഗേഷൻ കമ്മറ്റി ചെയർമാനായും സേവനം അനുഷ്ഠിച്ചു.

രാവിലെ നാലര മണിക്ക് ഉണർന്ന് പ്രാർത്ഥന, വേദവായന, ധ്യാനം എന്നിവയിൽ വ്യാപൃതനായിരുന്ന തിരുമേനി, യാമപ്രാർത്ഥനകൾക്കും രഹസ്യപ്രാർത്ഥനകൾക്കും മുടക്കം വരുത്തിയിരുന്നില്ല.

പ്രശ്നകലുഷിതമായ രംഗങ്ങളിൽ പോലും സമചിത്തത കൈവിടാതെ തികഞ്ഞ സംയമനം പാലിക്കുവാനുള്ള തിരുമേനിയുടെ കഴിവ് പ്രശംസനീയമാണ്. സഭയുടെ ശ്രേഷ്ഠമായ വളർച്ചയ്ക്കും ഉന്നമനത്തിനും വേണ്ടി പ്രായാധിക്യവും ക്ഷീണവും അവഗണിച്ചുകൊണ്ട് നിസ്തുലമായ സേവനം നൽകി അഭിവന്ദ്യ പിതാവ് 2000 ജൂലൈ 28-ാം തീയതി കർത്ത്യസന്നിധിയിലേക്ക് വാങ്ങിപ്പോയി. എളിമയും സ്നേഹനിർഭരമായ പെരുമാറ്റവും കൊണ്ട് 87 വർഷത്തെ പൗരോഹിത്യജീവിതം കൊണ്ടും ധന്യനായിത്തീർന്ന പിതാവ് എന്നും ജനഹൃദയങ്ങളിൽ ജീവിക്കുന്നതിൽ സംശയമില്ല.

# അഖണ്ഡപ്രാർത്ഥനയും എട്ടുനോമ്പ് മുന്നൊരുക്ക ധ്യാനങ്ങളും

മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ ആഗസ്റ്റ് 14-ാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ വി. കുർബ്ബാനയോടെ ആരംഭിച്ച് സന്ധ്യാപ്രാർത്ഥനയോടെ അവസാനിക്കത്തക്കവിത്തിൽ അഖണ്പ്രാർത്ഥന നടത്തുന്നു. റവ. ഫാ. മാത്യൂസ് മണവത്ത്, റവ. ഫാ. സാംസൺ മേലോത്ത്, എം. എസ്. ഒ. റ്റി. വൈദിക സെമിനാരി വിദ്യാർത്ഥികൾ എന്നിവർ നേതൃത്വം നൽകുന്നതാണ്. വിവിധ കരകളിൽവെച്ച് ആഗസ്റ്റ് 16 മുതൽ 28 വരെയുള്ള ദിവസങ്ങളിൽ എട്ടുനോമ്പ് മുന്നൊരുക്ക ധ്യാനങ്ങൾ നടത്തുന്നതാണ്. യൂണിറ്റ് പ്രാർത്ഥനായോഗം രക്ഷാധികാരിയായ വൈദികർ നേതൃത്വം വഹിക്കുന്ന യോഗങ്ങളിൽ പ്രശസ്തരായ പ്രാസംഗികർ പ്രസംഗിക്കുന്നു.

# ഉദ്ഘാടനം നിർവ്വഹിച്ചു

മാലം : സെന്റ് മേരീസ് കോളജിലെ സെന്റ് മേരീസ് പ്രെയർ ഗ്രൂപ്പിന്റെയും എം. ജി. ജെ. എസ്. എം.-ന്റെയും ഈ വർഷത്തെ സംയുക്ത പ്രവർത്തന ഉദ്ഘാടനം റവ. ഡീക്കൻ ബെന്നി ജോൺ ചിറയിൽ നിർവ്വഹിച്ചു. പ്രിൻസിപ്പൾ അന്ന ജോൺ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ടീച്ചർ ഇൻചാർജ്ജ് ഷെറി മാത്യു ആശംസയും ജിതിൻ എം. കുര്യൻ നന്ദിയും പ്രകാശിപ്പിച്ചു.

സെന്റ് മേരീസ് കോളജിൽ കഴിഞ്ഞ 30 വർഷമായി സെന്റ് മേരീസ് പ്രയർ ഗ്രൂപ്പിന്റെ പ്രവർത്തനം വളരെ വിപുലമായ രീതിയിൽ നടത്തപ്പെടുന്നു. പ്രെയർ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ ജീവകാരുണ്യ പ്രസ്ഥാനങ്ങൾക്ക് ധന-വസ്ത്ര സഹായങ്ങൾ നൽകുകയും പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്യുന്നു. എല്ലാവർഷവും ക്രിസ്മസ് ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നു.

# പുണ്യശ്ലോകനായ മലങ്കരയുടെ മാർ ദീവന്നാസ്യോസ് V യൗസേഫ് മെത്രാപ്പോലീത്താ

**ഇ. എ. ഫിലിപ്പ്, ഇടവഴിക്കൽ**

### ജനനം മുതൽ കശീശാ സ്ഥാനം വരെ

പുലിക്കോട്ടിൽ താരു കുര്യന്റേയും കുത്തൂരു താണ്ടമ്മയുടെയും പുത്രനായി 1008 വൃശ്ചികം 24 (1832 ഡിസംബർ)-ന് കുന്നംകുളത്ത് സ്മര്യപുരുഷൻ (അഞ്ചാമൻ) ജനിച്ചു. മാമ്മൂദീസാ പേരു യൗസേഫ് എന്നാണ്. പിതൃവ്യൻ യൗസേഫ് കശീശായുടെ ശിക്ഷണത്തിലാണ് സ്മര്യപുരുഷനായ യൗസേഫ് വളർന്നുവന്നത്. നാട്ടുനടപ്പനുസരിച്ചുള്ള വിദ്യാഭ്യാസത്തിനു പുറമേ സുറിയാനിയും ഹിന്ദിയും ഭാഷകൾ നന്നായി അഭ്യസിച്ചിരുന്നു. ഇംഗ്ലീഷ് ഭാഷ പഠിക്കുവാൻ ഇടയായില്ല.

പന്ത്രണ്ടു വയസ്സായപ്പോൾ യൗസേഫിന് ശെമ്മാശുപട്ടം കൊടുപ്പിക്കണമെന്നു പിതൃവ്യൻ യൗസേഫ് കശീശാ ഉദ്ദേശിച്ചപ്പോൾ സമപ്രായത്തിലുള്ള മറ്റൊരാൾക്കു കൊടുക്കണമെന്ന് കുടുംബാംഗങ്ങളിൽ ചിലർ നിർബന്ധിച്ചു. അങ്ങനെ ഇരിക്കവെ ഒരു ഞായറാഴ്ച യൗസേഫ് കശീശാ ടി. രണ്ടു കുട്ടികളെയും കൂട്ടി ആർത്താറ്റു പള്ളിയിൽചെന്നു. രണ്ടുപേരുടെയും പേരുകൾ ഒരു കടലാസിൽ എഴുതി ത്രോണോസിൽ വച്ചുകൊണ്ടു അദ്ദേഹം വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനയ്ക്കുശേഷം നറുക്കെടുത്തുനോക്കിയപ്പോൾ കുറിവീണതു യൗസേഫിനായിരുന്നു. ഇടയനില്ലാതെ നശിച്ചുകൊണ്ടിരുന്ന മലങ്കര സുറിയാനി സഭയെ വീണ്ടെടുത്തു നയിക്കുവാൻ നിയോഗമുള്ളത് യൗസേഫിനാണെന്നു ദൈവം ഈ നറുക്കെടുപ്പിലൂടെ മുൻകൂട്ടി വെളിപ്പെടുത്തുകയായിരുന്നു. അതിൻ പ്രകാരം ചേപ്പാട്ടു മാർ ദീവന്നാസ്യോസ് നാലാമനിൽനിന്നും യൗസേഫ് കോറൂയോ പട്ടം ഏറ്റു. യൗസേഫ് ശെമ്മാശൻ പിന്നീട് 1852 ആഗസ്റ്റ് മാസത്തിൽ മാർ കൂറീലോസ് യുയാക്കിം ബാവായിൽനിന്നും കശീശാ പട്ടം സ്വീകരിച്ചു. തുടർന്ന് ആർത്താറ്റുപള്ളിയുടെ കീഴിലുള്ള പള്ളിയിൽ യൗസേഫ് കത്തനാർ സേവനം അനുഷ്ഠിച്ചുപോന്നത്.

### ദൈവനിയോഗം വീണ്ടും

ബ്രിട്ടീഷ് ആംഗ്ലിക്കൻ മിഷനറിമാർ നടത്തിവന്ന പ്രൊട്ടസ്റ്റന്റ് വൽക്കരണശ്രമംമൂലം വളരെ അധികം തളർന്നുപോയിരുന്ന സുറിയാനിസഭയ്ക്കുള്ളിൽനിന്നു തന്നെ മിഷനറിമാരുടെ പൂർണ്ണ പിന്തുണയോടെ മറ്റൊരു നവീകരണ വേദവിപരീതം ശക്തി പ്രാപിച്ചുകൊണ്ടിരുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന വി. ഏലിയാസ് രണ്ടാമൻ പാത്രിയർക്കീസ് (1838-1847) ബാവായിൽനിന്നും മെത്രാൻപട്ടം ഏറ്റുവന്ന പാലക്കുന്നത്ത് മത്യൂസ് അത്തനാസ്യോസ് ആയിരുന്നു നവീകരണ വിഭാഗതലവൻ. അത്താനാസ്യോസിന്റെ നവീകരണശ്രമങ്ങളെ തടഞ്ഞുനിർത്താൻ മാർ കൂറീലോസ് മതിയാകില്ലെന്നു കണ്ട്, മറ്റൊരു മെത്രാനെക്കൂടെ അയച്ചു തരണമെന്ന് കാണിച്ച് ചില പള്ളിക്കാരും അന്നു സുറിയാനി സഭയിൽ നല്ല സ്വാധീനമുണ്ടായിരുന്ന ഇടവഴിക്കൽ പീലിപ്പോസ് കശീശാ പ്രത്യേകമായും അയച്ചിരുന്ന അപേക്ഷകൾക്ക് വി. യാക്കൂബ് രണ്ടാമൻ പാത്രിയർക്കീസ് (1847-1871) ബാവായുടെ മറുപടി കൽപ്പനകൾ വന്നുചേർന്നു. മലങ്കരയിൽനിന്നും സ്ഥാനത്തിനു അനുയോജ്യനായ ഒരാളെ തിരഞ്ഞെടുത്തയ്ക്കുന്നതായാൽ അദ്ദേഹത്തെ മെത്രാനായി വാഴിച്ചയയ്ക്കാമെന്ന് സമ്മതിച്ചുകൊണ്ടുള്ളതായിരുന്നു മറുപടി കല്പന. പീലിപ്പോസ് കത്തനാർ മനസ്സിൽ കണ്ടത് പുലിക്കോട്ടിൽ യൗസേഫ് കത്തനാരേയായിരുന്നു. ഉടൻ കോട്ടയത്തുവരണമെന്ന് കാണിച്ച് അദ്ദേഹത്തിന് കത്തയച്ചതിനെതുടർന്ന് കോട്ടയത്തു വന്നു, ഇടവഴിക്കൽ പീലിപ്പോസ് കശീശാ(വല്യച്ചൻ) യെ കണ്ടു. അന്ത്യോഖ്യായിൽ ചെന്നാൽ പട്ടം തരാമെന്നു പരിശുദ്ധ സിംഹാസനത്തിങ്കൽനിന്നു കല്പന വരുത്തിയാൽ അന്നു ഞാൻ പുറപ്പെട്ടുകൊള്ളാം എന്നു യൗസേഫ് കത്തനാരു വാഗ്ദാനം ചെയ്തു.

വി. പാത്രിയർക്കീസ് ബാവായുടെ അനുവാദ കല്പന പീലിപ്പോസ് കശിശായ്ക്കുന്ന വന്നയുടൻ പല പള്ളിക്കാരുടെയും സമ്മതപത്രങ്ങൾ വാങ്ങി, മാർ കൂറീലോസിന്റെ അനുവാദവും വാങ്ങി, പലരോടും യാത്രാനുവാദങ്ങൾ വാങ്ങിക്കൊണ്ടു യൗസേഫ് കത്തനാർ കോട്ടയത്തു വന്നു, യൗസേഫ് കത്തനാരെ മെത്രാൻ പട്ടത്തിനു തിരഞ്ഞെടുത്തതായ രേഖയും, പാത്രിയർക്കീസ് ബാവായ്ക്കുള്ള കത്തും പീലിപ്പോസ് കശീശാ തയ്യാറാക്കിവച്ചിരുന്നത് വാങ്ങി കൊച്ചിയിൽനിന്നും കപ്പൽ മാർഗ്ഗം മർദ്ദീനിലേക്ക് പുറപ്പെടുകയും ചെയ്തു. മട്ടുമ്മേൽ ഗീവർഗീസ് കത്തനാരും ഒരു വാല്യക്കാരനുംകൂടെ പോയിരുന്നു. നിർഭാഗ്യവശാൽ ദുരിതപൂർണ്ണമായ യാത്രയ്ക്കിടെവിൽ മട്ടുമ്മേൽ കത്തനാർ കഠിനരോഗബാധിതനായി തീരുകയും മർദ്ദീനിൽവച്ച് മരിച്ച് കുർക്കുമാ ദയറായിൽ അടക്കുകയും ചെയ്തു. യൗസേഫ് കത്തനാർക്കും രോഗം ബാധിച്ചിരുന്നെങ്കിലും ചികിത്സകൊണ്ട് രോഗവിമുക്തനായി തീർന്നു. മലങ്കരസഭയ്ക്കു വേണ്ടിയുള്ള ദൈവനിയോഗമാണ് അദ്ദേഹത്തെ രോഗത്തിൽനിന്നും രക്ഷപ്പെടുത്തിയതെന്ന് ഉറപ്പായി വിശ്വസിക്കാം.

### മെത്രാഭിഷേകം

വി. യാക്കൂബ് രണ്ടാമൻ പാത്രിയർക്കീസ് ബാവായ്ക്ക് ആമീദ് (ഡയർബക്കർ) പട്ടണത്തിലേക്കു പോകേണ്ടിവന്നതിനാൽ, അവിടുത്തെ പള്ളിയിൽവച്ചാണ് അദ്ദേഹം പുലിക്കോട്ടിൽ യൗസേഫ് കത്തനാരെ 1865 മെയ് 10-ന് മാർ ദീവന്നാസ്യോസ് യൗസേഫ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചത്. ഈ വാഴ്ചയോടെ തന്റെ രണ്ടാമത്തെ ദൈവനിയോഗവും സഫലമായി തീർന്നു. മാർ ദീവന്നാസ്യോസ് യൗസേഫ് മെത്രാപ്പോലീത്താ 1865 സെപ്റ്റംബർ 6-ന് കൊച്ചിയിൽ മടങ്ങിയെത്തി.

### ചരിത്രപ്രസിദ്ധമായ സെമിനാരി കേസ്

അന്യാധീനത്തിലായി തീർന്ന സുറിയാനി സമുദായം വക പഴയസെമിനാരിയും മറ്റു സ്വത്തുക്കളും വീണ്ടെടുക്കുന്നതിനുള്ള ശ്രമമായിരുന്നു മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ഏറ്റവും ഭാരമേറിയ ചുമതല. മാത്യൂസ് അത്താനാസ്യോസിന്റെ പിൻഗാമി തോമസ് അത്താനാസ്യോസിനെ പ്രതിയാക്കി ഒരു സിവിൽ അന്യായം മാർ ദീവന്നാസ്യോസ് യൗസേഫ് വാദിയായി ആലപ്പുഴ ജില്ലാക്കോടതിയിൽ 1879 മാർച്ച് 4-ന് ഫയൽ ചെയ്തു. കീഴ്ക്കോടതി ഉൾപ്പെടെയുള്ള എല്ലാ കോടതികളിലും മാർ ദീവന്നാസ്യോസിന് അനുകൂലമായി വിധിച്ചതിനാൽ സെമിനാരിയും സ്വത്തുക്കളും വിധി നടപ്പാക്കി എടുക്കുകയും; മാർ ദീവന്നാസ്യോസ് യൗസേഫ്, മാർ അത്താനാസ്യോസ് ശെമവൂൻ ബാവാ (ഇദ്ദേഹം കോട്ടയം പുത്തൻപള്ളിയിൽ കബറടങ്ങിയിരിക്കുന്നു) എന്നീ രണ്ടു തിരുമേനിമാർ കൂടി 1886 ജൂലൈ 15-ന് കോട്ടയം പഴയസെമിനാരിയിൽ പ്രവേശിച്ച് കൈവശം ഉറപ്പിച്ചു. എതിർകക്ഷികൾ റോയൽക്കോടതിയിൽ കൊടുത്തിരുന്ന അവസാന അപ്പീലും 1889 ആഗസ്റ്റ് 18-ന് തള്ളി വിധി പ്രസ്താവിച്ചതോടെ സിമ്മനാരിക്കേസ് അവസാനിച്ചു. വി. മാർതോമ്മാശ്ലീഹായാൽ എ.ഡി. 52-ൽ മലങ്കരയിൽ സ്ഥാപിതമായ സുറിയാനിസഭയുടെ യഥാർത്ഥ മലങ്കരമെത്രാപ്പോലീത്തയായി പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് യൗസേഫ് തിരുമനസ്സുകൊണ്ട് വാഴ്ച ഉറപ്പിക്കുകയും ചെയ്തു. പിന്നീട് മറ്റു പല പള്ളിക്കേസുകളും തിരുമേനിക്ക് അനുകൂലമായി വിധിച്ചിരുന്നു. എതിർകക്ഷികൾ മറ്റൊരു പുതിയ സഭ (മാർത്തോമ്മാ സഭ)യുണ്ടാക്കി സുറിയാനി സഭയിൽനിന്നും വേർപെട്ടുപോകയും ചെയ്തു.

സെമിനാരിക്കേസിന്റെ അവസാനവിധിയായ റോയൽ അപ്പീൽക്കോടതി വിധി അനുകൂലമായിതീർന്നതിന്റെ സ്മാരകമായി രാജാരവിവർമ്മയാൽ രചിക്കപ്പെട്ട ഒരു എണ്ണഛായാചിത്രം (മാർ ദീവന്നാസ്യോസിനെ അദ്ദേഹത്തിന്റെ സെക്രട്ടറി ഇ. എം. പീലിപ്പോസ് വിധി വായിച്ചു കേൾപ്പിക്കുന്നത്) കോട്ടയം പഴയസെമിനാരി കമ്മറ്റി മാളികയിൽ 1890-ൽ സ്ഥാപിച്ചു.

### മലങ്കരസഭയ്ക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ

പുലിക്കോട്ടിൽ തിരുമേനി മെത്രാനായശേഷം മലങ്കര സുറിയാനിസഭയിൽ സത്യവിശ്വാസം ഉറപ്പിക്കുവാനും അന്യാധീനത്തിൽപ്പെട്ടുപോയിരുന്ന പള്ളികളും സ്ഥാപനങ്ങളും വീണ്ടെടുക്കുവാനുമായി തന്റെ ജീവിതത്തിന്റെ ഭൂരിഭാഗവും വ്യവഹാരങ്ങൾക്കും മറ്റുമായി ചിലവിടേണ്ടി വന്നു. ഭീമമായ സംഖ്യയും സമുദായത്തിനു നഷ്ടപ്പെടുത്തേണ്ടതായും വന്നു. ഇതിനെല്ലാം ഇടയിൽ ഒരു സമുദായത്തിന്റെ ആത്മീയവും ഭൗതികവുമായി പുരോഗതിക്കു ആവശ്യമായ കാര്യങ്ങളെക്കുറിച്ച് ആലോചിച്ചു നടത്തുവാൻ ആർക്കായാലും മനസ്സും സമയവും ലഭിക്കുന്നതല്ലല്ലോ. എന്നാൽ തിരുമേനിയാകട്ടെ ഈ തിരക്കിനിടയിൽ പോലും ഹൈസ്കൂളുകളും, മിഡിൽസ്കൂളുകളും, വൈദീക സെമിനാരിയും, പ്രിന്റിങ്ങ് പ്രസ്സും മാസികകളും ഏർപ്പെടുത്തുകയും, പള്ളികൾ പണിയിക്കുകയും, പുസ്തകങ്ങൾ അച്ചടിപ്പിക്കുകയും, സുവിശേഷവേലകൾ ചെയ്യിക്കുകയും, കായൽ കുത്തിക്കുകയും, വസ്തുക്കൾ സമ്പാദിക്കുകയും ചെയ്തു. സമുദായത്തിനു ഗുണകരമെന്നുതോന്നുന്ന ഏതുകാര്യവും നടത്തുന്നതിന് തിരുമേനി ഉത്സാഹിയായിരുന്നു.

### സ്വഭാവഗുണങ്ങൾ

മോർ ദീവന്നാസ്യോസ് അഞ്ചാമൻ യൗസേഫ് തിരുമേനിയുടെ ഭരണകാലം 1865 മുതൽ 1909 വരെയായിരുന്നു. വാർദ്ധക്യകാലത്തുപോലും പാതിരാത്രിയിൽ എഴുന്നേറ്റ് ദീർഘനേരം പ്രാർത്ഥിക്കുവാൻ തനിക്കു ഒരു പ്രയാസവും ഇല്ലായിരുന്നു. തിരുമേനിയുടെ സെക്രട്ടറിയായിരുന്ന ഇ. എം. ഫിലിപ്പ് ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്- Ïഅനുതാപത്താലും പൊടിഞ്ഞ ഹൃദയത്തോടുകൂടിയ പ്രാർത്ഥനയാലും ദൈവത്തെ സ്വാധീനമാക്കാൻ ദാവീദിന്റെ ആത്മാവ് അദ്ദേഹത്തിൽ ഉണ്ടായിരുന്നു. ഏതു കാര്യം ഉദ്ദേശിച്ചുകൊണ്ട് അദ്ദേഹം പ്രാർത്ഥിച്ചുവോ ആ കാര്യം അതിശയകരമായ വിധത്തിൽ സാധിച്ചു കിട്ടാൻ തക്കവണ്ണം തന്റെ എരിവേറിയ പ്രാർത്ഥനയ്ക്ക് ശക്തിയുണ്ടായിരുന്നു എന്നുള്ളതിന് ഞാൻ ഒരു ദൃക്സാക്ഷിയാകുന്നു.Ï (രഹസ്യ പേടകം; പേജ് 53).

തിരുമേനി കാഴ്ചയ്ക്കു നല്ല സുമുഖൻ ആയിരുന്നു. മാധുര്യമേറിയ സംസാരം, സാധുക്കളോടു കരുണയുള്ള ധർമ്മിഷ്ഠൻ. പരമാർത്ഥ ഹൃദയമുള്ള പ്രതിക്രിയ ചെയ്യാത്ത ക്ഷമയുള്ള, കോപശീലമില്ലാത്തവനും, താഴ്മയിൽ അഗ്രഗണ്യനുമായിരുന്നു. വലിയ ബുദ്ധിമാനും തന്ത്രജ്ഞനും,കാര്യം സാധിക്കുന്നതിൽ വലിയ സമർത്ഥനുമായിരുന്നു. ദേശത്തിന്റെ വടക്കേ അറ്റം മുതൽ തെക്കേ അറ്റം വരെ എല്ലാ സുറിയാനിക്കാരാലും ബഹുമാനിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്തിരുന്ന ഈ തിരുമേനിക്കുമുമ്പ് മലങ്കരസഭയിൽ ഉണ്ടായിട്ടുള്ള മെത്രാപ്പോലീത്തന്മാരിൽ ഇദ്ദേഹത്തോളം ബുദ്ധിമുട്ടും ഞെരുക്കവും സഹിച്ചവരും ഇദ്ദേഹത്തോളം യശ്ശസ്സും മാനവും സമ്പാദിച്ചവരും സഭയ്ക്കു ശാശ്വതഗുണങ്ങൾ ചെയ്തിട്ടുള്ളവരുമായി വേറെ ആരേയും ചൂണ്ടിക്കാണിപ്പാനുണ്ടെന്നു തോന്നുന്നില്ല.

### മരണം

മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു പ്രായാധിക്യവും ക്ഷീണവും മൂലം സഞ്ചരിപ്പാൻ വയ്യാതിരിക്കെ, വിശ്രമാർത്ഥം 1909 മകരമാസത്തോടുകൂടെ കോട്ടയം ചെറിയപള്ളിയിൽ വന്നു താമസമാക്കി. ഇവിടെവച്ച് വാതം, പുറത്ത് തോളിൽ പരു മുതലായ രോഗങ്ങൾ പിടിപെട്ടു. വിദഗ്ദ്ധ ചികിത്സകൾ പലതും ചെയ്തു നോക്കിയെങ്കിലും ക്ഷീണം വർദ്ധിച്ചുകൊണ്ടിരുന്നു. വി. കുർബ്ബാന അനുഭവിക്കുകയും കന്തീലാശുശ്രൂഷ നടത്തുകയും ചെയ്തു. ഒടുവിൽ നല്ല അനുതാപത്തോടുകൂടി 1909 ജൂലൈ 11-ാം തീയതി ഞായറാഴ്ച പകൽ 11.45-ന് 77-ാം വയസ്സിൽ തിരുമേനി കർത്തൃസന്നിധിയിലേക്കു വാങ്ങിപോയി. 1908 മെയ് 31-ന് മെത്രാന്മാരായി വാഴിച്ചിരുന്ന കൊച്ചുപറമ്പിൽ മാർ കൂറീലോസ് പൗലൂസ്, വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് ഗീവറുഗീസ് എന്നിവരും; അന്ത്യോഖ്യാ പ്രതിനിധി മാർ ഒസ്താത്തിത്യോസ് സ്ലീബാ ബാവായും മരണസമയം അടുക്കൽ ഉണ്ടായിരുന്നു. വി. പത്രോസ്, വി. പൗലൂസ് ശ്ലീഹന്മാരുടെ ഓർമ്മ ദിവസം (അക്കാലത്ത് ജൂലിയൻ കലണ്ടർ ആയിരുന്നു മലങ്കരസഭയിൽ നടപ്പിൽ ഇരുന്നത്) ആയിരുന്ന പിറ്റേ ദിവസം തിങ്കളാഴ്ച (ജൂലൈ 12) ഉച്ചയ്ക്ക് അനേകം പള്ളിക്കാർകൂടി ആഘോഷത്തോടെ മൃതശരീരം പഴയസെമിനാരിയിലേക്കു കൊണ്ടുപോകുകയും സെമിനാരി പള്ളിയുടെ വടക്കെ വരാന്തയിൽ കിഴക്കെ അറ്റത്തുള്ള മുറിയിൽ ശുശ്രൂഷകൾക്കുശേഷം അടക്കുകയും ചെയ്തു.

## ദുഖ്റോനോ



**അഭി. മോർ ദിവന്ന്യാസിയോസ് ജോസഫ് (പുലിക്കോട്ടിൽ 2)**
**ജൂലൈ 12**



**അഭി. തോമസ് മാർ ഒസ്താത്തിയോസ്**
**ജൂലൈ 29**



**മോർ ഗ്രീഗോറിയോസ് ബാർ എബ്രായ**
**ജൂലൈ 30**



**ബഹു. കുര്യൻ കത്തനാർ വട്ടക്കുന്നേൽ**
ജൂലൈ 31

മണർകാട് വിശുദ്ധ മർത്തമറിയം കത്തീഡ്രലിന്റെ വികാരിയായി സേവനം അനുഷ്ഠിച്ച് കർത്തൃസന്നിധിയിലേക്ക് വാങ്ങിപ്പോയ വന്ദ്യ ദിവ്യശ്രീ കുര്യൻ കത്തനാർ വട്ടക്കുന്നേൽ

## 3–ാം ചരമവാർഷികം (22.07.2010)



**കെ. മാത്തൻ ഏബ്രഹാം, കാലുകടവിൽ**

കുടുംബാംഗങ്ങൾ

## ചരമവാർഷികം



**സി. എം. സഖറിയാ ചെമ്മാത്ത്**

**മരണം : 12.07.2006**

*രണ്ടു പതിറ്റാണ്ടിലേറെ സണ്ടേ സ്കൂളിന്റെ പ്രധാന അദ്ധ്യാപകനായി സേവനമനുഷ്ഠിച്ച സി. എം. സഖറിയാ സാറിന് പ്രാർത്ഥനാപൂർവ്വമായ ആദരാഞ്ജലികൾ*

Inserted by:
St. Mary’s Sunday School, Pathazhakuzhy.

## ആശംസകൾ



*പൗരോഹിത്യ രജത ജൂബിലി ആഘോഷിക്കുന്ന യൂത്ത് അസോസിയേഷൻ മുൻ പ്രസിഡന്റും മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രൽ സഹവികാരിയുമായ റവ. ഫാ. ജോയി മാത്യു മണവത്തിന് യൂത്ത് അസോസിയേഷന്റെ പ്രാർത്ഥനാപൂർവ്വമായ ആശംസകൾ*

ബഹു. അച്ചൻ മണർകാട് സെന്റ് മേരീസ് ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്ററും പള്ളിയുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രാർത്ഥനാ യോഗങ്ങളുടെ കേന്ദ്രകമ്മറ്റി പ്രസിഡന്റായും പ്രവർത്തിച്ചുവരുന്നു.

## ആലുവായിലെ വലിയ തിരുമേനിയുടെ മെത്രാഭിഷേക സുവർണ്ണ ജൂബിലി സമാപനം ആഗസ്റ്റ് 8–ന്

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ മലങ്കരയിലെ കാവൽഭടനായി നിലനിന്ന് മലങ്കര മക്കളെ സത്യവിശ്വാസത്തിൽ നിലനിർത്തിയ പരിശുദ്ധനായ പൗലോസ് മോർ അത്താനാസിയോസ് തിരുമനസ്സിന്റെ മെത്രാഭിഷേക സുവർണ്ണജൂബിലി സമാപനം, ആഗസ്റ്റ് 8–ന് ആലുവായിൽ വച്ച് നടത്തപ്പെടുന്നു. പരിശുദ്ധ പരുമല തിരുമേനിയുടെ വത്സല ശിഷ്യനായിരുന്ന അഭിവന്ദ്യ പിതാവ് ദയറാ ജീവിതത്തിന്റെ ഉത്തമ മാതൃകയും തികഞ്ഞ സാത്വികനുമായിരുന്നു. 1910–ൽ പരിശുദ്ധ ഇഗ്നാത്തിയോസ് അബ്ദുള്ള പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് അങ്കമാലി ഭദ്രാസനത്തിനുവേണ്ടി മെത്രാപ്പോലീത്തയായി വാഴിച്ചു. കൊച്ചുപറമ്പിൽ പൗലൂസ് മോർ കൂറിലോസ് തിരുമനസ്സിന്റെ കാലശേഷം മലങ്കര മെത്രാപ്പോലീത്തയായി സേവനമനുഷ്ഠിച്ചു. ശ്രേഷ്ഠ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ വിവിധ രാഷ്ട്രീയ സാമൂഹ്യ നേതാക്കന്മാർ പങ്കെടുക്കുന്നു. അഭിവന്ദ്യ ജോസഫ് മോർ ഗ്രീഗോറിയസ് മെത്രാപ്പോലീത്ത ചെയർമാനായി കമ്മറ്റി രൂപീകരിച്ചു. ആലുവാ ടൗൺഹാളിൽവച്ച് നടക്കുന്ന സമ്മേളനത്തിൽ മലങ്കരയുടെ നാനാഭാഗങ്ങളിൽനിന്നുള്ള വിശ്വാസികൾ പങ്കെടുക്കും.



*ചെറുതോണി ഭക്ഷ്യ വസ്ത്ര സഹായ ക്യാമ്പ് പരി. യാക്കോബായ സഭ ഇടുക്കി ഭദ്രാസനാധിപൻ അഭിവന്ദ്യ കുറിയാക്കോസ് മോർ ക്ലീമീസ് തിരുമനസ്സ് ഉദ്ഘാടനം ചെയ്യുന്നു.*



ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവാ

ജൂലൈ 22

ശ്രേഷ്ഠ ബാവായ്ക്ക് യൂത്ത് അസ്സോസിയേഷന്റെയും കോലോസുറിയോയോയുടെയും ജന്മദിനാശംസകൾ

# ജന്മദിനാശംസകൾ



**അഭി. യൂലിയോസ് മോർ കുറിയാക്കോസ്**

ജൂലൈ 6



**അഭി. ഏബ്രഹാം മോർ സേവേറിയോസ്**

ജൂലൈ 12



**അഭി. തീത്തോസ് മോർ യൽദോ**

ജൂലൈ 22

# ശ്രേഷ്ഠ ബാവായുടെ ജന്മദിനം ആഘോഷിച്ചു



പുത്തൻകുരിശ്: ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 82-ാം ജന്മദിനം പ്രാർത്ഥനാപൂർവ്വം വളരെ വിപുലമായി പരി. സഭ ആഘോഷിച്ചു. പുത്തൻ കുരിശിലെ മോർ അത്തനേഷ്യസ് കത്തീഡ്രലിൽ വി. മൂന്നിന്മേൽ കുർബ്ബാനയോടുകൂടി ആഘോഷ പരിപാടികൾക്ക് തുടക്കമിട്ടു. ശ്രേഷ്ഠ ബാവായ്ക്ക് സമൂഹത്തിലെ വിവിധ സാമൂഹിക-മത മേലദ്ധ്യക്ഷന്മാരും, രാഷ്ട്രീയ പ്രവർത്തകരും ജന്മദിനാശംസകൾ നേർന്നു.

# പേരൂർ മർത്തശ്മൂനി യാക്കോബായ സുറിയാനിപള്ളിയിൽ ഓർമ്മപ്പെരുന്നാൾ

പേരൂർ: മർത്തശ്മൂനി യാക്കോബായ സുറിയാനിപള്ളിയിൽ വി. മർത്തശ്മൂനി അമ്മയുടേയും സഹോദരന്മാരായ ഏഴ് മക്കളുടെയും ഗുരുനാഥനായ മാർ ഏലിയാസറിന്റെയും ഓർമ്മപ്പെരുന്നാൾ ജൂലൈ 24 മുതൽ ആഗസ്റ്റ് 2 വരെ ആചരിക്കുന്നു. ഒൻപത് നോമ്പ് 24-ന് ശനിയാഴ്ച ആരംഭിക്കും. 24-ന് ഗീവർഗീസ് മോർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത വി. അഞ്ചിന്മേൽ കുർബ്ബാനയ്ക്ക് പ്രധാന കാർമ്മികത്വം വഹിക്കും. തുടർന്ന് കോടിയേറ്റ് നടത്തപ്പെടും. 25-ന് കുര്യാക്കോസ് മോർ ക്ലീമീസ് മെത്രാപ്പോലീത്തായും 26-ന് ഗീവർഗീസ് മോർ ബർന്നബാസ് മെത്രാപ്പോലീത്തായും 27-ന് കുര്യാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തായും 28-ന് ഐസക്ക് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായും 29-ന് ഗീവർഗീസ് മോർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും 30-ന് ഏലിയാസ് മോർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും 31-ന് ഗീവർഗീസ് മോർ കൂറീലോസ് മെത്രാപ്പോലീത്തായും ആഗസ്റ്റ് 1-ന് സഖറിയാസ് മോർ പീലക്സിനോസ് മെത്രാപ്പോലീത്തായും വി. മൂന്നിന്മേൽ കുർബ്ബാനയ്ക്ക് കാർമ്മികത്വം വഹിക്കും. പെരുന്നാൾ ദിവസമായ ആഗസ്റ്റ് 2-ന് ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ വി. ഒൻപതിന്മേൽ കുർബ്ബാന നടത്തപ്പെടും.

# വിവാഹിതരായി



*മണർകാട് പായിക്കാട്ടുവേലിൽ പി. എസ്. വർഗീസിന്റെയും മറിയാമ്മ വർഗീസിന്റെയും മകൾ ജീനായും കൂരോപ്പട ചുഴികോടിയിൽ സി. എ. അന്ത്രയോസിന്റെയും സാലമ്മ അന്ത്രയോസിന്റെയും മകൻ അനീഷും കൂരോപ്പട സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് വിവാഹിതരായി*





*മണർകാട് സെന്റ് മേരീസ് കോളേജ് പ്രയർഗ്രൂപ്പിന്റെയും എം. ജി. ജെ. എസ്. എം.-ന്റെയും ഈ വർഷത്തെ പ്രവർത്തനോദ്ഘാടനം റവ. ഡീക്കൻ ബെന്നി ജോൺ ചിറയിൽ നിർവ്വഹിക്കുന്നു. പ്രിൻസിപ്പൽ അന്നാ ജോൺ തെങ്ങുംതുരുത്തേൽ, ഷെറി മാത്യു കാലുകടവിൽ എന്നിവർ സമീപം.*

# കോലോ സുറിയോയോയുടെ പ്രവർത്തനത്തിൽ പങ്കാളിയാവുക

*മണർകാട് വിശുദ്ധ മർത്തമറിയം യൂത്ത് അസോസിയേഷൻ പ്രസിദ്ധീകരണമായ കോലോ സുറിയോയോ മൂന്നു വർഷക്കാലമായി സൗജന്യമായി വിതരണം ചെയ്യുന്നു. നിങ്ങളുടെ വിശേഷദിവസങ്ങൾ (ജന്മദിനം, വിവാഹം, വിവാഹവാർഷികം, ചരമവാർഷികം) ഉപകാരസ്മരണ തുടങ്ങിയവ വളരെ മിതമായ നിരക്കിൽ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നു. പരസ്യങ്ങൾക്ക് ബന്ധപ്പെടുക. ഫോൺ: സെക്രട്ടറി: അനൂപ് മാത്യു പീടിയേക്കൽ 9633140100, എഡിറ്റർ-സുരേഷ് ജോൺ കൈപ്പള്ളിൽ 9446073942, sureshaboon@yahoo.com*

# കപട ആത്മീയതയും പുതിയ ആൾ ദൈവങ്ങളും

**പുന്നൻ കുര്യൻ ചെല്ലിമറ്റം**
**(യൂത്ത് അസോസിയേഷൻ മുൻ സെക്രട്ടറി–1968)**

***കഴിഞ്ഞലക്കം തുടർച്ച***

ക്രിസ്തീയ സഭയുടെ ആവിർഭാവകാലം മുതൽ ഇന്നോളം വേദവിപരീതങ്ങൾ വഴി അപ്പോസ്തോലികവും കാതോലികവുമായ സഭയിൽനിന്നും അന്യമായി തീർന്നിട്ടുള്ള വേർപാടുകളുടെ സംഖ്യ ഈ നൂറ്റാണ്ടിലും തുടരുന്നതായി കാണാം. തീവ്രവും അന്ധവുമായ വിശ്വാസം മതത്തിന്റെ പര്യായമാണെന്ന് പറഞ്ഞു. നിരീശ്വരവാദികളും മറ്റും മതത്തെ പുച്ഛിച്ചു തള്ളുവാൻ കാരണം ഈ വേർപാട് സമൂഹത്തിന്റെ പ്രവർത്തനം മൂലമാണ്. തീവ്രമായ വിശ്വാസം അവർക്കു ഒരു രക്ഷാകവചമായതിനാൽ അവർ യുക്തിയും പ്രായോഗികതയ്ക്കും ചെവി ചായിക്കുവാൻ പോലും മടിക്കുന്നു. ഞാനും പിതാവും ഒന്നായിരിയ്ക്കുന്നതുപോലെ നിങ്ങളും എന്നിൽ ഒന്നാകുവീൻ എന്ന ക്രിസ്തുവചനം അവർ വളച്ചൊടിച്ചു. മനുഷ്യരാശി മുഴുവനേയും ക്രിസ്തുവിൽ ഒന്നാക്കുക എന്ന എഫേസ്യ ലേഖനത്തിലെ ഉന്നതമായ ഈ ആശയത്തെ അവർ നിരാകരിക്കുന്നു. അവർക്കു മാത്രം സഭ, അവർ പറയുന്നതുപോലുള്ള വേദപുസ്തക വ്യാഖ്യാനം, അവർക്കു മാത്രം ക്രിസ്തുവും രക്ഷയും, അമിതമായ ഈ അന്ധഭക്തി വി. വേദപുസ്തകത്തിലെ വചനങ്ങളെക്കുറിച്ച് അവർ വിലയിരുത്തുന്നു. ഇതു തികഞ്ഞ ആത്മീയ സ്വാർത്ഥതയാണ്.

എല്ലാറ്റിനും വേദപുസ്തകത്തെ ആധാരമാക്കുന്നവർ പരസ്പരം ഭിന്നിച്ചും, പൊരുത്തപ്പെടാതെയും, അന്യോന്യം പഴി പറഞ്ഞും കലഹിച്ചും ഭിന്നത ഉണ്ടാക്കിയും കഴിയുന്നു. ശിശുസ്നാനത്തെ അനുകൂലിക്കുന്നവരും, പ്രതികൂലിക്കുന്നവരും ഉണ്ട്. മറുഭാഷ ആവശ്യമെന്നും അനാവശ്യമെന്നും പറയുന്നവർ ഉണ്ട്. ത്രിത്വത്തിൽ വിശ്വസിക്കുന്നവരും നിഷേധിക്കുന്നവരും ഉണ്ട്, ശബ്ബത്ത് ശനിയാഴ്ചയെന്നും, ഞായറാഴ്ചയെന്നും പറയുന്നവർ ഉണ്ട്. ഇവർക്കെല്ലാം തങ്ങളടെ വാദമുഖങ്ങൾക്ക് അവലംബം വേദപുസ്തകം തന്നെ. വേദപുസ്തകവ്യാഖ്യാനത്തിന് അത്യാവശ്യമായ പല കാര്യങ്ങളും ഇവർ വിട്ടുകളയുന്നു. വി. വേദപുസ്തകം എഴുതിയകാലം, സ്ഥലം, പശ്ചാത്തലം, ഉദ്ദേശ്യം, പ്രത്യേക സാഹചര്യം മുതലായ കാര്യങ്ങളിലേയ്ക്ക് സത്യസന്ധതയോടും നിരൂപണ ദൃഷ്ടിയോടും കൂടി കടന്നു വരുവാൻ ഇവർ മടിക്കുന്നു. തന്മൂലം വേദപുസ്തകത്തിന്റെ ശരിയായ അർത്ഥമോ, മഹിമയോ മനസ്സിലാക്കുവാൻ ഇവർക്കു കഴിയാതെ പോകുന്നു. സഭയാണ് വി. വേദപുസ്തകത്തെ മനുഷ്യർക്കുവേണ്ടി ക്രോഡീകരിച്ചു നൽകിയതെന്നും സഭയുടെ പാരമ്പര്യവും വേദപുസ്തകവും തമ്മിൽ പരസ്പരം ബന്ധിതമാണെന്നും ഈ കൂട്ടർ മനസ്സിലാക്കുന്നില്ല. വി. വേദപുസ്തകത്തെ സഭയുടെ പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കുവാൻ കഴിയാത്തതിനാലാണ് പുതുസഭകൾ അനുദിനം വർദ്ധിച്ചു പെരുകുന്നത്. ഓരോരുത്തനും അവനവന്റെ സൗകര്യത്തിനനുസരിച്ചു പരിശുദ്ധാത്മാവ് വെളിപ്പെടുത്തുന്നതാണെന്ന് പറഞ്ഞു. വി. വേദപുസ്തകത്തെ വ്യാഖ്യാനിക്കുക, അയാൾ പറയുന്നതാണ് സത്യമെന്ന് മറ്റുള്ളവരെ ധരിപ്പിക്കുക. വിശ്വാസത്തെപ്പറ്റി ഒന്നും അറിയുവാൻ പാടില്ലാത്തവരെ തന്റെ വാക്സാമർത്ഥ്യത്താൽ മയക്കി കൂടെ കൂട്ടി പുതിയ സഭകൾ സ്ഥാപിക്കുക. അവിടെ പുതിയ ആൾ ദൈവങ്ങളായി മാറി. ഈ സഭകളെ നയിക്കുക. ഇതൊരു ഫാഷൻ ആയി മാറിയിട്ടുണ്ട് ഇന്നും.

ഈ നാട്ടിൽ ഐ.പി.സി., റ്റി. പി. എം., ചർച്ച് ഓഫ് ഗോഡ് അസംബ്ലീസ് ഓഫ് ഗോഡ്, ബ്രദറൺ സമൂഹം സ്ഥാപിതമായ ശേഷം. അതിന്റെ ശുശ്രൂഷകർ നാട്ടിൽ പലയിടത്തും സഞ്ചരിച്ചു സുവിശേഷ ഘോഷണം നടത്തി. പല പ്രാദേശിക കൂട്ടായ്മകളും രൂപീകരിച്ചു. അപ്രകാരം രൂപീകരിച്ച കൂട്ടായ്മകൾ അതാത് സഭാ നേതൃത്വത്തിൻ കീഴിൽ പ്രവർത്തിച്ചു. അതിന് പ്രാദേശിക പാസ്റ്ററന്മാരും ഡിസ്ട്രിക്ട് ഓവർസീയർമാരും സ്റ്റേറ്റ് പ്രസിഡന്റുമാരും സഭാ ഭരണത്തിൽ വന്നു പ്രവർത്തനം തുടങ്ങി. വിശ്വാസത്തിന്റെ പേരിലോ വ്യക്തി വൈരാഗ്യത്തിന്റെ പേരിലോ അവരിൽനിന്നും, പല എപ്പിസ്കോപ്പൽ സഭകളിൽനിന്നും, ഭിന്നിച്ചു വീണ്ടും എണ്ണിയാൽ തീരാത്ത വ്യക്തി സഭകൾ ഉണ്ടായി. ബൈബിൾ വ്യാഖ്യാനത്തിൽവന്ന പലതരം വ്യാഖ്യാനങ്ങളാണ് ഇപ്രകാരം വ്യക്തി സഭകൾ ഉണ്ടാകുവാൻ കാരണം. കൂടാതെ അമേരിക്കൻ ഡോളറിന്റെ അതിപ്രസരവും ഇവിടെ ഈ ഭിന്നിപ്പിന് പരിശുദ്ധാത്മാവ് പ്രവർത്തിക്കുമോ? ആദിമകാലം തൊട്ടു ഇന്നേയോളവും നിലനിൽക്കുന്ന നമ്മുടെ പൂർവ്വീകസഭകളിൽ പരിശുദ്ധാത്മാവ് വേണ്ട സമയങ്ങളിൽ പിതാക്കന്മാർക്കു നൽകിയ നിർദ്ദേശങ്ങൾ മൂലമാണ് ഇന്നുവരെയും ക്രിസ്തുസഭ നിലനിൽക്കുന്നത്. ആദിമകാലഘട്ടത്തിൽ യഹൂദമതത്തിൽ നിന്നുള്ള എതിർപ്പും, ഗ്രീക്ക്, റോമൻ, ഭരണാധികാരികളുടെ പീഢനവും ജാതികളുടെ ആക്രമണവും, ക്രിസ്തുസഭയിൽ തന്നെ ഉണ്ടായ വേദവിപരീതങ്ങളും ശീശ്മകളും എല്ലാം അതിജീവിച്ചു മുസ്ലീങ്ങളുമായിട്ടുള്ള കുരിശു യുദ്ധങ്ങളും ജയിച്ചു ക്രൈസ്തവസഭ ഇന്നും നിലനിൽക്കുന്നത് പരിശുദ്ധാത്മാ പ്രേരിതരായ പിതാക്കന്മാരുടെയും രക്തസാക്ഷികളുടെയും പ്രവർത്തനങ്ങൾ മൂലമാണെന്നുള്ള കാര്യം നാം വിസ്മരിക്കരുത്. സഭയിലൂടെ ലഭിച്ച സകല കൃപാവരങ്ങളും അനുഭവിച്ചശേഷം, സഭ നൽകിയ വി. വേദപുസ്തകവും കയ്യിലേന്തി വീടു വീടാന്തരം കയറിയിറങ്ങി പുതു സഭ സൃഷ്ടിച്ചു വേദവിപരീതം പടർത്തുന്ന പുതുസഭാസൃഷ്ടാക്കളെ, പണത്തിന് വേണ്ടിയല്ലാതെ യേശുക്രിസ്തുവിന് വേണ്ടി രക്തസാക്ഷിയാകുവാൻ നിങ്ങൾക്ക് സാധിക്കുമോ? എല്ലാവർക്കും പറയാനുള്ളത് ആത്മരക്ഷയെപ്പറ്റിയാണ് ആത്മരക്ഷയ്ക്കു ആവശ്യമായ പ്രവർത്തിചെയ്യുവാൻ ആർക്കും മനസ്സില്ല. മാമോനെ കൈയ്യിൽനിന്നും ഇറക്കികളയുവാൻ മനസ്സില്ല. എന്നാൽ അവനെ രണ്ട് കൈയ്യും നീട്ടി സ്വീകരിക്കുവാനും അതു സ്വന്ത ഉപയോഗത്തിന് വിനിയോഗിക്കുവാനും യാതൊരു മടിയുമില്ല.

പുതിയ സഭകൾ രൂപീകരിച്ചു. പുതിയ ആൾ ദൈവങ്ങളായി തീർന്നശേഷം ഇവർ ചെയ്യുന്ന ആദ്യപ്രവർത്തി അമേരിക്ക, യൂറോപ്പ് മുതലായ സ്ഥലങ്ങളിൽ ആത്മീയ പര്യടനം നടത്തി ഫണ്ട് ശേഖരണം നടത്തുക. അവിടെ നിന്നും ലഭിച്ച ഭീമമായ സംഖ്യയുമായി നാട്ടിൽ വന്നു ഏതെങ്കിലും കുറെ സ്ഥലങ്ങളിൽ അതും എപ്പിസ്ക്കോപ്പൽ സഭകൾക്ക് സ്വാധീനമുള്ള സ്ഥലങ്ങളിൽ യോഗങ്ങൾ സംഘടിപ്പിച്ചു. ഏതെങ്കിലും ടി. വി. ചാനലുകളിൽ തങ്ങളുടെ പ്രസംഗങ്ങളും അത്ഭുതപ്രവർത്തികളും നല്ലൊരു തുക കൊടുത്തു സംപ്രേഷണം ചെയ്യിച്ചു. കുറെ ആൾക്കാരെ കൂടെ കൂട്ടി അവരെക്കൊണ്ട് സാക്ഷ്യം പറയിച്ചു, ദൈവനാമത്തെ പ്രകീർത്തിക്കുകയോ, അതോ അപകീർത്തിപ്പെടുത്തുകയോ ചെയ്യുന്ന കാഴ്ചകൾ നാം നിത്യവും കണ്ടുകൊണ്ടിരിക്കുന്നു. ഇതിന് അതിവിപുലമായ പരസ്യങ്ങൾ അകമ്പടി സേവിക്കുന്നു. ഇന്നു ഒരു സ്ഥലത്ത് ഇവർ ഒരു യോഗം സംഘടിപ്പിക്കുമ്പോൾ, നല്ല ഫേഷ്യൽ ചെയ്ത മുഖവുമായി സിനിമാ നടന്മാരെ വെല്ലുന്ന രീതിയിൽ യൂറോപ്യൻ മോഡൽ വസ്ത്രവും ധരിച്ച് ഒരു കൈയ്യിൽ വി. വേദപുസ്തകവും മറുകൈ നീട്ടിപ്പിടിച്ചും സുസ്മേരവദനനായി കൂറ്റൻ ഫ്ളെക്സ് കട്ടൗട്ടുകളിൽ നിറഞ്ഞുനിന്നു പാതയോരത്തുള്ള വിളക്ക് കാലിൽ ഫിറ്റു ചെയ്തു ഈ ബ്രദർ അത്ഭുതരോഗശാന്തി നടത്തുന്നു എന്നുള്ള പരസ്യങ്ങൾ നമുക്ക് ധാരാളമായി ഇന്നു കാണുവാൻ കഴിയും. പണ്ടൊക്കെ വാൾപോസ്റ്ററുകളിൽ യേശുവിന്റെ സുവിശേഷം പ്രസംഗിക്കുന്നു എന്നു കാണുമായിരുന്നു. അന്നു ഏതെങ്കിലും ഒരു ഉപദേശിയുടെ പേര് മാത്രം കാണും ഫോട്ടോ ഒന്നും ഇല്ല. ഇന്നു യേശുവിന്റെ നാമത്തിന് പകരം യുവ ആൾ ദൈവങ്ങളുടെ മുഖങ്ങൾ മാത്രം. സൃഷ്ടാവിനെ മറന്ന സൃഷ്ടിയുടെ ആത്മീയ അഹന്ത ഇതിൽ നിഴലിക്കുന്നു. ജനങ്ങളെ സംഭീതരാക്കുന്ന പുതിയ പ്രചരണ തട്ടിപ്പുകൾ, കുടുംബശാപം മാറ്റുന്നു, പിശാചു ബാധ ഒഴിക്കുന്നു, ബന്ധനങ്ങളെ അഴിക്കുന്നു. രോഗങ്ങളെ സൗഖ്യമാക്കുന്നു തുടങ്ങിയ അത്ഭുതപ്രവർത്തികളുടെ വിവരണം അതു പ്രവർത്തിക്കുന്നത് ആരാണ്. പുതിയ ദൈവങ്ങൾ. വ്യക്തിഗത രക്ഷയാണ് അവനവന് മോക്ഷപ്രാപ്തി നൽകുന്നുവെങ്കിൽ കുടുംബശാപം നീക്കുന്നത് എന്തിനാണ്. എന്താണ് കുടുംബശാപം ഏതെങ്കിലും കുടുംബത്തിൽ ഒരു കഠിന രോഗമോ, അപകടമോ, മറ്റോ ഉണ്ടാകുമ്പോൾ അതു കുടുംബശാപമായി ഇവർ മുദ്രകുത്തും. രക്ഷിക്കപ്പെടാത്തത് കൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത് എന്നു പറഞ്ഞു ജനങ്ങളെ ഭയപ്പെടുത്തും. ബന്ധനങ്ങൾ അഴിക്കുന്നു. എന്താണ് ബന്ധനങ്ങൾ? മന്ത്രവാദവും കൂടോത്രവും കൊണ്ടുണ്ടായ ബന്ധനങ്ങൾ, മന്ത്രവാദവും കൂടോത്രവും ഒക്കെ അന്ധവിശ്വാസം എന്നു പറഞ്ഞു നടക്കുന്നവർ എങ്ങനെ മന്ത്രവാദ ബന്ധനങ്ങൾ അഴിക്കും. മന്ത്രവാദവും മറ്റും ഇല്ലല്ലോ. പിന്നെ ഇല്ലാത്ത വസ്തുവിനെ ഉണ്ടാക്കി എടുത്തു അഴിക്കുമോ? എന്നു ചോദിച്ചാൽ അവർ പറയും ബൈബിളിൽ ഇതൊക്കെ പറഞ്ഞിട്ടുണ്ടല്ലോ എന്ന്. അപ്പോൾ മന്ത്രവാദവും കൂടോത്രവും ഒക്കെ ഉണ്ട്. അതു അന്ധവിശ്വാസവുമല്ല. തങ്ങളുടെ പ്രവർത്തികളെ ന്യായീകരിക്കുവാൻ പല വ്യാഖ്യാനങ്ങളും വേദപുസ്തകത്തെ അടിസ്ഥാനമാക്കി ഇവർ നടത്തും. ഇതൊന്നും ആരേയും കുറ്റപ്പെടുത്തുന്നതല്ല. വിധിക്കുന്നതും അല്ല. വിധി കർത്താവിനുള്ളതാണ്. രക്ഷിക്കപ്പെട്ടു, ആത്മാവിനെ സ്വീകരിച്ചു. ആത്മാവിന്റെ പ്രവർത്തനം അനുസരിച്ചു ജീവിക്കുന്നു എന്നു അവകാശപ്പെടുന്നവർ, ആരായാലും ആത്മാവിന്റെ സത്ഫലങ്ങൾക്കെതിരായി പ്രവർത്തിക്കുമ്പോൾ (സത്ഫലങ്ങൾ എന്താണ് എന്ന് ഗലാതൃലേഖനം 5.18:24 വായിക്കുക). അതു ജഢാഭിലാഷം ആണെന്ന് ആരെങ്കിലും പറഞ്ഞാൽ അതു കുറ്റപ്പെടുത്തല്ല. തെറ്റ് ചൂണ്ടിക്കാണിക്കുന്നതാണ്. ധനമോഹവും ആഡംബരങ്ങളും അസഹിഷ്ണുതയും ഒക്കെ ജഢമോഹങ്ങളാണ്.

വ്യക്തിഗത സഭകളുടെ നേതാക്കന്മാരുടെ ചിന്തകളും പ്രവർത്തനങ്ങളും നമുക്ക് ഒന്നു പരിശോധിക്കാം. കത്തോലിക്ക സഭയിൽ ദീർഘകാലം അവരുടെ ധ്യാനകേന്ദ്രങ്ങളിൽ വളരെ സമർത്ഥമായി പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെ ഉദാഹരണ സഹിതം പ്രസംഗിക്കുകയും പരിശുദ്ധാത്മ പ്രേരിതമായി അനേകമാളുകളെ കർത്താവിന് സാക്ഷ്യപ്പെടുത്തുകയും ചെയ്തു പ്രസംഗവേദികളിൽ നിറസാന്നിദ്ധ്യമായി നിന്ന ബഹു. ജോസ് ആനത്താനം എന്ന ധ്യാനഗുരു ഇന്നൊരു ആൾ ദൈവമായി മാറിയിരിക്കുകയാണ്. ഏകദേശം 15 വർഷക്കാലം കത്തോലിക്കാ സഭയിലെ ഒരു കരിസ്മാറ്റിക്ക് പ്രാസംഗികനായി പ്രവർത്തിച്ചു. ധ്യാനകേന്ദ്രങ്ങൾക്ക് പ്രശസ്തി നേടികൊടുത്ത ആൾ, തിരിച്ചു ധ്യാനകേന്ദ്രങ്ങളിലൂടെ പ്രശസ്തനായ ഒരാൾ. ബിഷപ്പുമാരുടെയും അച്ചന്മാരുടെയും കന്യാസ്ത്രീകളുടെയും സ്നേഹപാത്രമായിരുന്ന ബഹു. ജോസ് ആനത്താനം സാർ താൻ ഇന്നു സ്ഥാപിച്ച കവനന്റ് പീപ്പിൾസ്(ഉടമ്പടി വെച്ചവർ) എന്ന വ്യക്തിഗത സഭയിലേയ്ക്ക് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ വഴി അച്ചന്മാരെയും കന്യാസ്ത്രീകളെയും വിശ്വാസികളെയും മറ്റും ക്ഷണിക്കുകയാണ്. കത്തോലിക്കാ സഭയിൽ അദ്ദേഹം നിന്നപ്പോൾ തന്റെ പ്രസംഗങ്ങളിലൂടെ പരിശുദ്ധാത്മ ശക്തിയാൽ പതിനായിരങ്ങൾക്ക് ആത്മീയ ഉണർവ് പകർന്നു കൊടുത്തു. ഒരു വചനപ്രഭാഷകൻ എന്ന നിലയിൽ അന്നു പരിശുദ്ധാത്മാവിലൂടെ പ്രസംഗിച്ച അദ്ദേഹം അതിന് നേർവിപരീതമായി ഇന്നു താൻ സ്ഥാപിച്ച കവനന്റ് പീപ്പിൾ എന്ന സഭയിലൂടെ പരിശുദ്ധാത്മാവ് പറഞ്ഞതനുസരിച്ച് എന്ന വ്യാജേന എപ്പിസ്ക്കോപ്പൽ സഭകൾക്കെതിരായി പ്രസംഗിക്കുന്നു. ഇതിൽ ഏതാണ്, എവിടെയാണ് പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നത്? കരിസ്മാറ്റിക് യോഗങ്ങളിലല്ല പരിശുദ്ധാത്മാവ് പ്രവർത്തിച്ചിരുന്നതെന്ന് ജോസ് സാർ പറയുകയാണെങ്കിൽ തന്റെ പ്രസംഗം മൂലം എത്രയോ പതിനായിരങ്ങളെ അദ്ദേഹം നരകത്തിലേക്ക് തള്ളിവിട്ടു. പരിശുദ്ധാത്മാവിന്റെ

*(ശേഷം പേജ് 7–ൽ)*

# കപട ആത്മീയതയും പുതിയ ആൾ ദൈവങ്ങളും

(പേജ് 6-ൽ നിന്നും തുടർച്ച)

പ്രവർത്തനങ്ങളെയും യേശുവിന്റെ ബലിയെയും സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ കേട്ടിട്ടുള്ളതാണ്.

ഇപ്പോഴത്തെ അദ്ദേഹത്തിന്റെ പ്രസംഗങ്ങളും പ്രവർത്തികളും മിക്കവാറും റ്റി. വി. ചാനലിലൂടെ ശ്രദ്ധിക്കുന്നുണ്ട്. എന്താണ് അദ്ദേഹത്തിന്റെ മാറ്റം എന്ന് ഇപ്പോഴത്തെ തന്റെ പ്രസംഗങ്ങളിലൂടെ അദ്ദേഹം എടുത്തു പറയുന്നുണ്ട്. കരിസ്മാറ്റിക്കിൽ പ്രസംഗിക്കുമ്പോൾ അദ്ദേഹത്തിന് യഥാർത്ഥ സത്യത്തെപ്പറ്റി അറിവില്ലായിരുന്നു. അപ്പോൾ അവിടെ പരിശുദ്ധാത്മാവ് അദ്ദേഹത്തെക്കൊണ്ടു കള്ളം പറയുകയായിരുന്നോ? അതിന് ഉദാഹരണമായി അദ്ദേഹം പറയുന്നത്. വി. പൗലൂസ് ശ്ലീഹായുടെ കാര്യമാണ്. പൗലൂസിനെപ്പോലെ ഒരിക്കൽ ക്രിസ്തു ജോസ് സാറിന് സത്യം വെളിപ്പെടുത്തിക്കൊടുത്തു. പൗലൂസ് ശ്ലീഹായുമായുള്ള ഈ താരതമ്യം ഒരിക്കലും ശരിയാകുകയില്ല. സത്യം സത്യമായിത്തന്നെ നിലകൊള്ളും. അതിനിടയിൽ കള്ളം ഒരിക്കലും ചേക്കേറുകയില്ല. പൗലൂസിന്റെ കാലഘട്ടവും, ജോസ് ആനത്താനത്തിന്റെ കാലഘട്ടവും രണ്ടും രണ്ടാണ്. പൗലൂസിന്റെ പ്രവർത്തിയും ജോസ് സാറിന്റെ പ്രവർത്തിയും രണ്ടാണ്. പൗലൂസിന്റെ സാഹചര്യവും ജോസ് സാറിന്റെ സാഹചര്യവും രണ്ടും രണ്ടായിരുന്നു.

വി. പൗലൂസ് റോമൻ, ഗ്രീക്ക്, തത്വസംഹിതകൾ പഠിച്ചു ഉന്നത വിദ്യാഭ്യാസം നേടിയ യഹൂദ മതത്തിലെ ഒരു പ്രധാനി ആയിരുന്നു. അദ്ദേഹം വിശ്വസിച്ചിരുന്ന തന്റെ മതത്തിന്റെ വിശ്വാസത്തിനെതിരെ ആരെങ്കിലും സംസാരിച്ചാലോ, പ്രവർത്തിച്ചാലോ അവരെ നിർദാക്ഷ്യണ്യം തകർക്കുന്ന ഒരു തീവ്രമത വിശ്വാസിയായിരുന്നു ക്രിസ്തുവിനെയും അദ്ദേഹത്തിന്റെ പ്രവർത്തികളെയും പ്രസംഗങ്ങളെയും നഖശിഖാന്തം എതിർത്ത ആളാണ് പൗലൂസ്. ഒരു പുതിയ ആകാശത്തിനും, പുതിയ ഭൂമിയ്ക്കും വേണ്ടിയുള്ള രക്ഷയുടെ ദൂതിന് വേണ്ടിയുള്ള യേശുവിന്റെ ആഹ്വാനം പൗലൂസിന് മനസ്സിലായില്ല. എന്നാൽ ഒരിക്കൽ ആ സത്യം യേശു പൗലൂസിന് വെളിപ്പെടുത്തിക്കൊടുത്തു. അതിന് ശേഷം വി. പൗലൂസ് യേശുവിന്റെ ധീരനായ പടയാളിയായി മാറി. അന്നു ബൈബിൾ രൂപം കൊണ്ടിരുന്നില്ല. താൻ വിശ്വസിച്ചിരുന്ന മതത്തിന്റെതിൽനിന്നും വിഭിന്നമായ പുതിയ സഭയുടെ അത്യുന്നതനായ ഉപദേഷ്ടാവായി തന്റെ സഭയുടെ പ്രചാരകനായി, യേശു പൗലൂസിനെ മാറ്റി. ക്രിസ്തു സഭയുടെ ജനനകാലഘട്ടമായിരുന്നു അന്നു.

എന്നാൽ ജോസ് സാർ അങ്ങനെയല്ലല്ലോ. ജനനം മുതൽ ജോസ് ക്രിസ്തുവിനെ അറിയുകയും ക്രിസ്തുമതത്തിൽ, കത്തോലിക്കാ സഭയിൽ. മാതാപിതാക്കന്മാരുടെ ഉപദേശത്തിൽ വളർന്നു. സഭയിലെ ഒരു പ്രാസംഗികനായി പരിശുദ്ധാത്മാവ് നിറഞ്ഞവൻ എന്നു പരിചയപ്പെടുത്തി പ്രസംഗിച്ചപ്പോഴൊന്നും പരുശുദ്ധാത്മാവ് സത്യം വെളിപ്പെടുത്തിയില്ല എന്നു സാർ പറയുമ്പോൾ ബൈബിളിന്റെ നിത്യസത്യത്തിനിടയിൽ പിന്നെയെങ്ങനെ സാറിന്റെ മാറ്റം കടന്നു വന്നു.

നിത്യരക്ഷയ്ക്കു വേണ്ടി വ്യക്തികളിൽകൂടി രണ്ടുതരത്തിൽ പരിശുദ്ധാത്മാവ് സംസാരിക്കുമോ? ജോസ് സാർ കരിസ്മാറ്റിക് വേദികളിൽ പ്രസംഗിച്ചതാണോ? കവനന്റ് പീപ്പിൾ സഭയുടെ അപ്പർ റൂമിലും, സോളമൻ പോർട്ടിക്കോയിലും കൂടി ഇപ്പോൾ പ്രസംഗിക്കന്നതാണോ. ശരിയായ പരിശുദ്ധാത്മാവിന്റെ പ്രസംഗം. ജോസ് സാർ കത്തോലിക്കാസഭയിൽ ഉണ്ടായിരുന്നപ്പോൾ രൂപം കൊടുത്ത ആവേ മരിയ ക്രിസ്ത്യൻ കമ്മ്യൂണിറ്റിയിൽ ദൈവമാതാവിന് വളരെ ബഹുമാനം കൊടുക്കുകയും കത്തോലിക്കാ സഭയിലുള്ള പോലെ പ. മാതാവിനോടുള്ള മദ്ധ്യസ്ഥത ശരിക്കും ഉപയോഗിക്കുകയും ചെയ്തിരുന്നില്ലേ? മാതാവിനോടുള്ള മദ്ധ്യസ്ഥത ആവശ്യപ്പെടുന്നവരും മദ്ധ്യസ്ഥത എതിർക്കുന്നവരും ഉൾപ്പെടെ ഒരു എക്യുമെനിക്കൽ പ്രസ്ഥാനമാക്കി ഒരു പുതിയ കമ്മ്യൂണിറ്റി രൂപീകരിക്കുവാൻ വേണ്ടി ആവേ മരിയ കമ്മ്യൂണിറ്റി നിർത്തലാക്കി. കവനന്റ് പീപ്പിൾ (ഉടമ്പടി വെച്ചവരുടെ സഭ) എന്ന സഭയുണ്ടാക്കി ദൈവവുമായി ഉടമ്പടി വെച്ചു രക്ഷിക്കപ്പെട്ടു സ്നാനം ഏറ്റു സകല ലോകമോഹങ്ങളെയും ക്രൂശിച്ചു. ജോസ് സാറും വൃന്ദങ്ങളും ഒരു വേർപാട് സമൂഹമായി ഇന്നു നിലകൊള്ളുന്നു.

കവനന്റ് പീപ്പിളിന്റെ പ്രസംഗങ്ങൾക്രിസ്തു നേരിട്ടു അദ്ദേഹത്തെ കൊണ്ടുപറയിക്കുന്നതാണ് എന്നു ജോസ് സാർ അവകാശപ്പെടുന്നു. ഇന്നുള്ള എല്ലാ എപ്പിസ്കോപ്പൽ സഭകളെയും നിശിതമായി വിമർശിച്ചു. വചനത്തിൽ മാത്രം അധിഷ്ഠിതമായി യേശു തരുന്ന നിർദ്ദേശങ്ങൾ അനുസരിച്ചു ജീവിച്ചു. ക്രിസ്തുവിന്റെ രണ്ടാം വരവിൽ വാനമേഘത്തിൽ പറന്നുയരാൻ വെമ്പുന്ന കുറെ അനുയായികളും അദ്ദേഹത്തിനുണ്ട്. സാറിന്റെ ബൈബിൾ വ്യാഖ്യാനങ്ങൾ അതിര് കടന്നവയാണ്. വി. ബൈബിളിലെ വാക്യങ്ങൾ വാചാർത്ഥത്തിൽ എടുക്കാതെ അതിന് വേറെ വേറെ അർത്ഥങ്ങൾ കൊടുത്തു വ്യാഖ്യാനിക്കുന്ന നിങ്ങൾക്ക് സ്വല്പം എങ്കിലും വിശ്വാസം ഉണ്ടെങ്കിൽ ഈ മലയോട് നീങ്ങിപ്പോകുക എന്നു പറഞ്ഞാൽ അതു മാറിപ്പോകും. സാറിന്റെ വ്യാഖ്യാനത്തിൽ മല എന്നുള്ളത് നാം കാണുന്ന കുന്നോ, പർവ്വതമോ ഒന്നും അല്ല. നമ്മുടെ ജീവിതത്തിലെ പ്രതിബന്ധങ്ങളെയാണ് മല എന്നു ഉദ്ദേശിക്കുന്നതെന്ന് സാറിന്റെ ഭാഷ്യം. അതു സമ്മതിച്ചു കൊടുത്താൽ തന്നെ ലൂക്കോസിന്റെ പുസ്തകം 17-5,6 പറയുന്നത് എന്താണ്.l നിങ്ങൾക്ക് ഒരു കടുക് മണിയോളം വിശ്വാസം ഉണ്ടെങ്കിൽ ഈ കാട്ടത്തിയോട് വേരോടെ പറിഞ്ഞു കടലിൽ നട്ടുപോകുക എന്നു പറഞ്ഞാൽ അതു നിങ്ങളെ അനുസരിക്കും എന്ന്l. ഇതു ഏതു പ്രതിബന്ധത്തെപ്പറ്റിയാണ് പറയുന്നത്. വി. വേദപുസ്തകത്തിലെ വാക്യങ്ങളെ ആർക്കുവേണമങ്കിലും ഏതു വിധത്തിലും വ്യാഖ്യാനിക്കാം. അതുകൊണ്ട് ആണല്ലോ ഇന്നു ലോകത്തിൽ പതിനായിരത്തിന് മേൽ സഭകൾ ഉണ്ടായത്.

ജോസ് സാറും സമൂഹവും രക്ഷിക്കപ്പെട്ടു സ്നാനം ഏറ്റു ഉടമ്പടിവെച്ചു യേശുവിന്റെ അപ്പോസ്തോലിക ഗണത്തിൽപ്പെട്ടവരായി. ജോസ് സാർ ഒരു അപ്പോസ്തോലൻ തന്നെയായി. രോഗികൾക്ക് സൗഖ്യവും, പിശാച് ബാധിതർക്കു മോചനവും, പാപികൾക്ക് വിടുതലും മരിച്ചവർക്ക് ഉയിർപ്പും നൽകാനുള്ള യേശുവിന്റെ വരം ഇവർക്കും ലഭിച്ചു എന്നാണ് ഇവരുടെ അവകാശവാദം. മരിച്ചവരെ ഉയർപ്പിക്കുക എന്നു യേശു പറഞ്ഞത് സാറിന്റെ വ്യാഖ്യാനത്തിൽ ഇപ്രകാരമാണ്. lശാരീരിക മരണം പ്രാപിച്ചവരെയല്ല എന്നാലോ ജീവിച്ചിരിക്കുമ്പോൾ തന്നെ പാപം ചെയ്തു ആത്മ മരണം പ്രാപിച്ചവരെ ll ക്രിസ്തുവിന്റെ വചനത്താൽ പാപവിമുക്തമാക്കി നിത്യജീവന് അവകാശിയാക്കുന്ന പ്രക്രിയയ്ക്കാണ് മരണമെന്ന് യേശു ഉദ്ദേശിച്ചതും. വചനത്താൽ അവരെ യേശുവിന്റെ ശിഷ്യഗണത്തിൽ ചേർക്കപ്പെട്ടവർ ഉയിർപ്പിക്കാൻ യേശു പറയുന്നതെന്ന് ഇവർ അവകാശപ്പെടുമ്പോൾ ശാരീരിക മരണം പ്രാപിച്ചു മരിച്ചവരെ യേശുവും, പത്രോസും, പൗലൂസും ഒക്കെ ഉയിർപ്പിച്ചത്. ഏതു മരണത്തെയായിരുന്നു എന്നു ഇപ്പോൾ സംശയം തോന്നും. ഇങ്ങനെ വിശ്വാസികളെയിട്ടു വട്ടം കറക്കി ഭയപ്പെടുത്തി, അവനവൻ സ്ഥാപിച്ച വ്യക്തിഗത സഭയിൽ ചേർക്കുമ്പോൾ, പാവം മനുഷ്യൻ അറിയുന്നില്ല, സാത്താൻ തങ്ങളെ വിലയ്ക്കുവാങ്ങിയെന്ന്. സ്വയം വിശുദ്ധീകരണത്തിന് വേണ്ടി വേർപെട്ടു ഒടുവിൽ അവർ പൗലൂസ് ശ്ലീഹാ പറയുന്നതുപോലെ ലോകം വിട്ടു പോകേണ്ടിവരും (1 കൊരി. 5.10). ഞങ്ങൾ മാത്രം വിശുദ്ധഗണം എന്നുള്ള അവരുടെ പരീശചിന്ത, അവരെ സ്വയം നീതീകരണത്തിലേയ്ക്കും. സ്വയം സംതൃപ്തിയിലേയ്ക്കും നയിക്കുന്നു. സ്നേഹത്തിന്റെ ആത്മാവിൽ മറ്റുള്ളവരെ കാണുവാൻ കഴിയാതെ വണ്ണം അവരുടെ കണ്ണു കുരുടായിപ്പോകുന്നു.

അപ്പോസ്തലഗണത്തിൽപ്പെട്ട പുതിയ അപ്പോസ്തലന്മാർ, കുടുംബശാപത്തിന്റെയും ഭൂതത്തിന്റേയും ഭീതി ജനകമായ കഥകൾ പറഞ്ഞു ജനങ്ങളെ സംഭീതരാക്കും അക്കൂട്ടത്തിൽ ചിലർ തങ്ങളുടെ വീടുകളിൽ ഉണ്ടായ അനുഭവങ്ങളും നിരത്തും. പാരമ്പര്യങ്ങളിലും, കഥകളിലും വിശ്വാസം ഇല്ലാത്തവർ യേശുവിനെ കഥകളാക്കി സി. ഡി. കളിൽ പകർത്തി, ധ്യാനങ്ങളും, പ്രാർത്ഥനകളും, ആരാധനകളും സി. ഡി. യിൽ ആക്കി വാർത്താ-പരസ്യ-മാദ്ധ്യമങ്ങളിലൂടെ വൻ പ്രചാരണം നൽകി പണം സമ്പാദിക്കുന്നത് വേറൊരു മാർഗ്ഗം. സി. ഡി. യും സിനിമയും, സീരിയലും എല്ലാം യാഥാർത്ഥ്യത്തിന് ഉപരിയായി ഭാവനകളും മറ്റും കൂട്ടിച്ചേർത്തു നിർമ്മിക്കുന്നവയാണല്ലോ.

കതോലികവും ശ്ലൈഹീകവുമായ വിശ്വാസം ഒരു വിധം എങ്കിലും ഗ്രഹിച്ചിട്ടുള്ളവർ മറ്റു വഴികലിലേയ്ക്ക് ചാടുകയില്ല. വേർപാട് കൂട്ടത്തിൽ ചേർന്നിരിയ്ക്കുന്നവരെപ്പറ്റി അറിയുന്നിടത്തോളം അവർ അവരുടെ വേർപാടിന് മുൻപ് തങ്ങൾ നിന്നിരുന്ന സഭയുടെ വിശ്വാസം എന്തെന്ന് പഠിക്കാത്തവരും. അതിൽ സ്വല്പമെങ്കിലും അനുഭവം ഇല്ലാത്തവരും സഭയിൽ ജീവനില്ലാത്ത കൊമ്പുകളായി നിലനിന്നിരുന്നവരും ആണ്. അവരുടെ കൊഴിഞ്ഞുപോകൽ സഭയ്ക്കു ഒരു വിധത്തിലും ഹാനികരമല്ല. പക്ഷേ അവരെ വിശ്വാസത്തിൽ നിലനിർത്താത്തത് നമ്മുടെ കുറ്റം തന്നെയാണ്.

## മണർകാട് സെന്റ് മേരീസ് ഹോസ്പിറ്റലിൽ പുതിയ ഡോക്ടർമാർ ചാർജ്ജെടുത്തു

മണർകാട്: സെന്റ് മേരീസ് കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന സെന്റ് മേരീസ് ഹോസ്പിറ്റലിൽ ഫിസിഷ്യൻ ആയി ഡോ. ഗോപകുമാർ (റിട്ട. പ്രൊഫ. മെഡിക്കൽ കോളേജ്, കോട്ടയം), ഡന്റൽ വിഭാഗത്തിൽ ഡോ. അർജ്ജുൻ സ്റ്റീഫൻ എന്നിവർ ചാർജ്ജെടുത്തു. ഇതുകൂടാതെ ഫിസിഷ്യനും, ഡയബറ്റോളജിസ്റ്റുമായ ഡോ. രഞ്ജിത്ത് ജോണിന്റെ നേതൃത്വത്തിൽ പ്രമേഹ രോഗികൾക്കായി വിദഗ്ധ ചികിത്സയും ആരംഭിച്ചിരിക്കുന്നു. ഹോസ്പിറ്റലിന്റെ പുതിയ ബ്ലോക്കുകളുടെ ഉദ്ഘാടനം എട്ടുനോമ്പിലെ പൊതുസമ്മേളനത്തിൽവെച്ച് നടത്തപ്പെടുന്നതുമാണ്.

## കേംബ്രിഡ്ജിൽ യാക്കോബായ സുറിയാനി സഭയ്ക്കു പുതിയ കോൺഗ്രിഗേഷൻ

ലണ്ടൻ കേംബ്രിഡ്ജിൽ താമസിക്കുന്ന യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ ആവശ്യം അനുസരിച്ച് പരിശുദ്ധ ബാവ കേംബ്രിഡ്ജിൽ ഒരു കോൺഗ്രിഗേഷൻ തുടങ്ങുന്നതിന് അനുവാദം നൽകുകയും ജൂലൈ മാസം 31-ാം തീയതി കേംബ്രിഡ്ജിലുള്ള സെന്റ് ആൻഡ്രൂസിൽ വച്ച് രാവിലെ 9.30-ന് പ്രഭാത നമസ്കാരവും തുടർന്ന് ഫാ. ഗീവർഗീസ് തണ്ടായത്തിന്റെ നേതൃത്വത്തിൽ വി. കുർബ്ബാനയും മദ്ധ്യസ്ഥപ്രാർത്ഥനയും നടത്തപ്പെടുന്നതാണ്. കേംബ്രിഡ്ജിന്റെ പരിസര പ്രദേശങ്ങളിൽ താമസിക്കുന്ന സഭ വിശ്വാസികൾ ഇതൊരറിയിപ്പായി സ്വീകരിച്ച് വി.കുർബ്ബാനയിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് കർത്തൃനാമത്തിൽ ഭാരവാഹികൾ അറിയിക്കുന്നു.

## വധുവിനെ ആവശ്യമുണ്ട്

യാക്കോബായ യുവാവ് (31), 168 സെ. മീ. ഷാർജയിൽ നിന്നും ആഗസ്റ്റിൽ നാട്ടിൽ വരുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു. വിദേശ നഴ്സുമാർക്ക് മുൻഗണന.

ഫോൺ: 0481-2770506, 9446281340

യാക്കോബായ യുവാവ് (34), 170 സെ. മീ, മെഡിക്കൽ റെപ്രസന്റേറ്റീവ്. ആലോചനകൾ ക്ഷണിക്കുന്നു.

ഫോൺ: 0481-2373056, 9995289781



മഴവെള്ളം ഗ്ലാസ്സിൽ പതിയാതിരിക്കാൻ
ഹെഡ്‌ലൈറ്റ് പ്രകാശം
കണ്ണിൽ പതിയാതിരിക്കാൻ
Masterclean Glass Coat ഉപയോഗിക്കൂ..
വാഹന അപകടം ഒഴിവാക്കൂ...
Master-Clean
USE FOR CLEAN VISION
ENJOY THE THRILL OF CLEANING BY Masterclean Machines
ഫ്ളോർ നനച്ച് തുടച്ച് വൃത്തിയാക്കാൻ
Floor Cleaner
5 മിനിറ്റ് കൊണ്ട് കാർ വാഷിംഗ്,
പായലുള്ള പ്രതലങ്ങൾ , പട്ടിക്കൂട്
എന്നിവിടങ്ങൾ വേഗത്തിൽ ക്ലീൻ ചെയ്യാം
Vaccuam Cleaners
വീടിന്റെ മുറ്റം, കാർപോർച്ച് മനോഹരമാക്കാൻ
Italia
Designer Tiles
100-ൽ പരം ഡിസൈൻസ്
എക്സ്പോർട്ടിംഗ് കമ്പനി
100% വിശ്വസ്തത
LONG LIFE
HEALTH EQUIPMENTS
FULL BODY EXCERCISE
By Techno Bike
Treadmill
ഇനിയും വ്യായാമം നിങ്ങളുടെ വീട്ടിൽ
നിങ്ങളുടെ സമയത്ത്
വിശ്രമം ആസ്വാദകരമാക്കുവാൻ
Patended Leisure Chair
ഇരിക്കാവുന്നത്
ചാരിക്കിടക്കാവുന്നത്
മടക്കിവയ്ക്കാവുന്നത്
ഭാരക്കുറവുള്ളത്
Contact : Authorised dealer
NAVIGATOR TRADINGS
Vadavathoor, Kottayam
Ph: 0481-3238971, Mob: 9496619990